ജനസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): സർ, മീനച്ചിൽ പദ്ധതിയ്ക്ക് തീക്കോയി എസ്റ്റേറ്റിൽ ഏകദേശം 200 ഹെക്ടർ ആവശ്യമായി വരും. തൽക്കാലം 3.50 ഹെക്ടർ മാത്രമേ എടുത്തിട്ടുള്ളൂ. ബാക്കി സ്ഥലം എടുത്തിട്ടില്ല. പക്ഷെ അവിടെ ചൂണ്ടിക്കാണിച്ചപോലെ തൊഴിലാളികളുടെ ചില പ്രശ്നമുണ്ട്. ഏതായാലും കളക്ടറോട് കോൺഫറൻസ് വിളിച്ചുകൂട്ടാൻ ആവശ്യപ്പെടാം. 9-4-1985-ൽ കളക്ടർ ആ സ്ഥലമെടുപ്പിന് ബുദ്ധിമുട്ടുള്ള എല്ലാ ആളുകളേയും വിളിച്ചുകൂട്ടി ചർച്ച ചെയ്തിട്ടുണ്ട്. അതിന്റെ നിർദ്ദേശമൊന്നും കിട്ടിയിട്ടില്ല. കിട്ടികഴിഞ്ഞാൽ ഉടൻതന്നെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടതുപോലെ ഗവൺമെന്റ് ഇടപെടേണ്ട സന്ദർഭത്തിൽ ബന്ധപ്പെട്ടവർക്ക് വല്ല ബുദ്ധിമുട്ട് ഉണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള കോൺഫറൻസ് വളരെവേഗത്തിൽ വിളിച്ചുകൂട്ടുന്നതാണ്, നടപടി സ്വീകരിക്കുന്നതാണ്.

(2) തലശ്ശേരി അഗ്രിക്കൾച്ചർ മാർക്കറ്റിംഗ് കോംപ്ലക്സിനു വേണ്ടിയുള്ള സ്ഥലമെടുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, തലശ്ശേരിയിൽ ലോകബാങ്കിന്റെ സഹായത്തോടുകൂടി നിർദ്ദേശിക്കപ്പെട്ട ആധുനിക രീതിയിലുള്ള അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് കോംപ്ലക്സ് നിർമ്മിക്കാനാവശ്യമായ അക്യൂസിഷൻ നടത്താൻ തീരുമാനിച്ചു. തലശ്ശേരി മുനിസിപ്പൽ കൗൺസിലിന്റെ നടപടി ഗവൺമെന്റ് സ്റ്റേ ചെയ്തിരിക്കുകയാണ്. ഇതിന്റെ ഫലമായി ലോകബാങ്ക് ഉദ്യോഗസ്ഥന്മാർ പരിശോധനയ്ക്ക് വരുമ്പോൾ സ്ഥലമില്ലെന്ന കാരണത്താൽ ഈ പദ്ധതി നഷ്ടപ്പെടാൻ പോവുകയാണ്. സ്റ്റേചെയ്ത നടപടി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തലശ്ശേരിയിലെ പ്രതിപക്ഷത്തേയും ഭരണപക്ഷത്തേയും രാഷ്ട്രീയപാർട്ടികൾ നിവേദനം നൽകിയെങ്കിലും സി. പി. പി. യും മുനിസിപ്പൽ ഡയറക്ടറും അനുകൂലമായ റിപ്പോർട്ട് കൊടുത്തെങ്കിലും കളക്ടറുടെ റിപ്പോർട്ട് കിട്ടിയില്ലെന്ന കാരണം പറഞ്ഞുകൊണ്ട് ആ സ്റ്റേ പിൻവലിക്കാതിരിക്കുകയാണ്. സി. പി. പി. സ്കീമിൽപ്പെട്ട കമ്മേർഷ്യൽ ആവശ്യത്തിനുവേണ്ടി ഐകകണ്ഠ്യേന മുനിസിപ്പൽ കൗൺസിൽ അക്യൂസിഷൻ നടത്താൻ തീരുമാനിച്ച സ്ഥലമാണ് ഇപ്പോൾ സ്വകാര്യവ്യക്തികൾക്ക് കൊടുക്കുന്നതിനുള്ള നീക്കം ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമായി അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് കോംപ്ലക്സ് തലശ്ശേരിയ്ക്ക് നഷ്ടപ്പെടും. അത് അവിടെതന്നെ സ്ഥാപിക്കുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിക്കുന്ന പ്രശ്നം ഇ. നാരായണൻ എന്ന ആൾ ഗവൺമെന്റ് പുറപ്പെടുവിച്ച തൽക്കാല സ്റ്റേ ഉത്തരവ് റദ്ദ് ചെയ്യണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. കേരള ഹൈക്കോടതിയിൽനിന്നും 7167/85 ഒ. പി. ഫയൽ ചെയ്തിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇതിന്റെ വിശദീകരണം നൽകുന്നത് ശരിയായിരിക്കുകയില്ല. അതുകൊണ്ട് ഞാൻ ഇപ്പോൾ ഒന്നും പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly